### ക്രിസ്തീയ

## പൗരോഹിത്യവും രാജത്വവും പ്രവാചകത്വവും

ക്രിസ്തീയ പൗരോഹിത്യം മിശിഹായുടെ പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വമാണ്. മിശിഹാ നിത്യപുരോഹിതനാണ്. മനുഷ്യാവതാരത്തിന്റെ ആദ്യനിമിഷം മുതൽ എന്നേക്കും മിശിഹാ പുരോഹിതനാണ്. അവൻ ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള മധ്യസ്ഥനാണ്. മഹത്വീകൃതനായ മിശിഹാ പിതൃവലഭാഗത്തിരുന്നുകൊണ്ട് നിത്യപൗരോഹിത്യധർമം നിർവഹിക്കുന്നു. കന്യകയുടെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി അവിടുന്ന് നിത്യപുരോഹിതനായി തീർന്നു. ദൈവജനത്തിന്റെ രാജകീയ പൗരോഹിത്യവും പുരോഹിതരുടെ ശുശ്രൂഷാപൗരോഹിത്യവും ഈ ഏകപൗരോഹിത്യത്തിൽ നിന്നുള്ള ഭാഗഭാഗിത്വത്തിലൂടെ കൈവരുന്നതാണ്.

**മഹാപുരോഹിതനായ മിശിഹാ**

എബ്രായ ലേഖനവിവരണം അനുസരിച്ച് മിശിഹാ നിത്യപുരോഹിതനും(7,21.24)പ്രധാന പുരോഹിതനും (2,17;4,14; 5,5.10;7,26;8,1;9,11;10,21) ശ്രേഷ്ഠപുരോഹിതനുമാണ്(3,1). അവിടുത്തെ രാജത്വം എന്നേക്കും നിലനിൽക്കുന്നതാണ് (1,8–9). അവിടുന്ന് മൽക്കീസദേക്കിന്റെ ക്രമപ്രകാരം പുരോഹിതനാണ്. അക്ഷയജീവന്റെ ശക്തി നിമിത്തമാണ് അവൻ പുരോഹിതനായത് (7,16). എന്നേക്കും ജീവിക്കുന്ന അവൻ, തന്നെ സമീപിക്കുന്നവർക്കുവേണ്ടി പിതാവിന്റെ പക്കൽ മാധ്യസ്ഥ്യം വഹിക്കുന്നു (7,25). "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്ക് നൽകും" (യോഹ.16,23). പഴയനിയമ നിഴലുകളും സാദൃശ്യങ്ങളും ഉപമകളും അവിടുന്ന് മനുഷ്യാവതാരത്തിലൂടെ യാഥാർഥ്യമാക്കി (എബ്രാ. 8,5;9,23). വരാനിരിക്കുന്ന നന്മകളുടെ പ്രധാനപുരോഹിതനായി മിശിഹാ കാണപ്പെട്ടു(9,11).

പുതിയ നിയമത്തിലെ ഏകമഹാപുരോഹിതൻ മിശിഹാ മാത്രമാണ്. മിശിഹായെ മാത്രമേ മഹാപുരോഹിതൻ എന്ന് പുതിയനിയമം വിളിക്കുന്നുള്ളു. ക്രിസ്തീയസഭയിലെ പുരോഹിതരെല്ലാം ഈ ഏകപൗരോഹിത്യത്തിൽ പങ്കുപറ്റുന്നവരാണ്. പിതാവ് വിശുദ്ധീകരിച്ച് അയച്ചവനാണ് മിശിഹാ. തന്റെ മനുഷ്യാവതാരത്തിന്റെ ആദ്യനിമിഷം മുതൽ അവിടുന്ന് എന്നേക്കും പുരോഹിതനാണ്. അതായത്, നിത്യപിതാവിനോടൊപ്പം നിത്യനായ പുത്രൻ, മനുഷ്യനായപ്പോൾ നിത്യപുരോഹിതനായി. മൽക്കീസദേക്കിനെപ്പോലെ അവന്റെ പൗരോഹിത്യം എന്നേക്കും നിലനിൽക്കുന്നു. അതുപോലെ അവന്റെ പ്രവാചകത്വവും രാജത്വവും. തന്റെ ജീവിതസാക്ഷ്യംകൊണ്ടും വചനത്തിന്റെ ശക്തികൊണ്ടും പിതാവിന്റെ രാജ്യം പ്രഖ്യാപിച്ചുകൊണ്ട് മിശിഹാ തന്റെ പ്രവാചകദൗത്യം നിർവഹിച്ചു. (*രണ്ടാം വത്തിക്കാൻ സൂനഹദോസ്, ജനതകളുടെ പ്രകാശം, നമ്പർ 35).*

പൗരോഹിത്യവും രാജത്വവും പ്രവാചകത്വവും എപ്രകാരം യഹൂദജനതയിൽ നിന്ന് മാറി യേശുവിൽ വന്നു വസിച്ചു എന്ന് കാവ്യാത്മകമായും ആലങ്കാരികമായും ഭാവനാത്മകമായും മാർ അപ്രേം (+373) തന്റെ കൃതികളിൽ പറഞ്ഞിരിക്കുന്നത് സൂചിപ്പിച്ചുകൊള്ളട്ടെ: "കർത്താവ് വന്നത് നീക്കിക്കളയാനല്ല, എല്ലാ നീതിയും പൂർത്തിയാക്കാനാണ്" (മത്താ. 5,17). പഴയനിയമത്തിൽ പുരോഹിതരും രാജാക്കന്മാരും പ്രവാചകന്മാരും ഉണ്ടായിരുന്നു. അവർ നിഴലായ ന്യായപ്രമാണത്തിന് താൽക്കാലിക ശുശ്രൂഷ ചെയ്തു. നമ്മുടെ കർത്താവ് നിഴലിന്റെ പൂർത്തീകരണം നടത്തി. യേശുവിനെ ദേവാലയത്തിൽ കാഴ്ച വച്ചപ്പോൾ ശെമയോൻ അനുഗ്രഹിച്ചതിലും യോർദാനിലെ സ്നാനത്തിലും മുൾക്കിരീടം ശിരസ്സിൽ വച്ചതിലും ചെമന്ന പട്ടുവസ്ത്രം ധരിപ്പിച്ചതിലും കയ്യാഫാസ് മേൽവസ്ത്രം കീറിയതിലും ദൈവാലയത്തിന്റെ വാതിൽമറ കീറിയതിലും എല്ലാം മാർ അപ്രേം പ്രതീകങ്ങൾ കാണുന്നു. യഹൂദരിൽ നിന്ന് ഇവയെല്ലാം യേശുവിൽ വന്നുചേർന്നു എന്ന് ഇവയൊക്കെ സൂചിപ്പിക്കുന്നു എന്നാണ് മാർ അപ്രേമിന്റെ ഭാവനാചിത്രം.

നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗത്തിൽ നിന്ന് ( നമ്പർ 57) :

"അവിടുന്ന് പുരാതനർക്ക് നൽകിയ ദാനങ്ങളെല്ലാം അവനെ കണ്ടപ്പോൾ, എല്ലായിടത്തുനിന്നും പറന്നുവന്ന്, ദാതാവായ അവനിൽ വസിച്ചു. അവ എല്ലായിടത്തു നിന്നും ഒന്നിച്ചുകൂടി അവയുടെ സ്വാഭാവിക മരത്തിൽ ഒട്ടിച്ചേർക്കപ്പെടാനായി വന്നു. അവ കയ്പുള്ള മരങ്ങളിൽ, അതായത്, ദുഷ്ടന്മാരായ രാജാക്കന്മാരിലും പുരോഹിതന്മാരിലുമാണ് ഒട്ടിക്കപ്പെട്ടിരുന്നത്. അതുകൊണ്ടാണ് തങ്ങളുടെ മാധുര്യമുള്ള വേരിലേക്ക് അവ പെട്ടെന്ന് എത്തിയത്. ഇസ്രായേൽ ജനത്തിന്റെ ഭാഗങ്ങൾ തന്നിൽ ശേഖരിക്കപ്പെടാനായി ദൈവത്വം താഴേക്കുവന്നു" (in *ഉൽപ്പത്തിഭാഷ്യം*, പേജ്,240).

"അവനെ ദൈവാലയത്തിൽ കാഴ്ച വച്ചപ്പോൾ, അവൻ പൗരോഹിത്യവും പ്രവാചകത്വവും ധരിച്ച്, തന്റെ പാവനാവയവങ്ങളിൽ പൗരോഹിത്യത്തിന്റെ ശുദ്ധതയും തന്റെ നിഷ്കളങ്കമായ കാതുകളിൽ പ്രവാചകത്വത്തിന്റെ വാക്കുകളും ധരിച്ച് പുറത്തേക്കുപോയി. അതുപോലെ അവൻ സ്നാനം സ്വീകരിച്ച സ്നാനത്തെ തന്നോടൊപ്പം പുറത്തേക്കെടുത്തു. എല്ലാറ്റിനെയും പവിത്രീകരിക്കുന്ന ശിശുവിന്റെ ശരീരം ശെമയോൻ സമർപ്പിച്ചപ്പോൾ, അതിന്റെ സമർപ്പണത്തോടുകൂടി ആ ശരീരം പൗരോഹിത്യം എടുത്തു. അതുപോലെ ശെമയോൻ അവന്റെ മേൽ പ്രവചിച്ചപ്പോൾ, പ്രവാചകത്വം ശിശുവിന്റെ കാതുകളിൽ ഓടിയെത്തി" (മാർ അപ്രേം, നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം, ന

മ്പർ 55, *ഉൽപ്പത്തിഭാഷ്യം* എന്ന പുസ്കത്തിൽ, പേജ്, 239).

“പുത്രനുവേണ്ടി മാറ്റിവച്ചിരുന്ന ദാനങ്ങൾ ഓരോന്നും അവയുടെ ശരിയായ മരത്തിൽ നിന്ന് പുത്രൻ പറിച്ചെടുത്തു. യോഹന്നാൻ വീണ്ടും അവനു ശേഷവും സ്നാനപ്പെടുത്തിയെങ്കിലും, അവിടുന്ന് യോർദാനിൽ നിന്ന് സ്നാനം എടുത്തു. മഹാപുരോഹിതനായ ഹന്നാൻ തുടർന്നും ശുശ്രൂഷിച്ചെങ്കിലും, അവിടുന്ന് ദൈവാലയത്തിൽ നിന്ന് പൗരോഹിത്യം എടുത്തു. നമ്മുടെ കർത്താവിന് ഒരു കിരീടം മെടയാൻ കയ്യാപ്പാസ് ഒരിക്കൽ പ്രവാചകത്വം ഉപയോഗിച്ചെങ്കിലും, നീതിമാന്മാർ കൈമാറിയ പ്രവാചകത്വം അവിടുന്ന് എടുത്തു. ഹേറോദേസ് രാജാവായി ഭരിച്ചിരുന്നെങ്കിലും അവിടുന്ന് ദാവീദിന്റെ ഭവനത്തിൽ നിന്ന് അത് സ്വീകരിച്ചു” (മാർ അപ്രേം, നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം, നമ്പർ 55, *ഉൽപ്പത്തിഭാഷ്യം* എന്ന പുസ്കത്തിൽ, പേജ്, 240).

“നമ്മുടെ കർത്താവ് അവരിൽ നിന്ന് പൗരോഹിത്യം എടുത്തപ്പോൾ, അതോടൊപ്പം എല്ലാ ജനതകളെയും പവിത്രീകരിച്ചു. അവിടുന്ന് പ്രവാചകത്വം എടുത്തപ്പോൾ, അതോടൊപ്പം എല്ലാ തലമുറകൾക്കും തന്റെ വാഗ്ദാനങ്ങൾ വെളിപ്പെടുത്തി. അവിടുന്ന് തന്റെ കിരീടം മെടഞ്ഞപ്പോൾ, എല്ലാവരെയും പിടികൂടുന്ന ശക്തനെ അവിടുന്ന് ബന്ധിക്കുകയും അവന്റെ കൊള്ളമുതൽ പങ്കിടുകയും ചെയ്തു” (മാർഅപ്രേം, നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം, നമ്പർ 55, *ഉൽപ്പത്തിഭാഷ്യം* എന്ന പുസ്കത്തിൽ, പേജ്, 241).

“യോഹന്നാനിലൂടെ അവിടുന്ന് പൗരോഹിത്യവും പ്രവാചകത്വവും സ്വീകരിച്ചു. ദാവീദിന്റെ വംശത്തിലൂടെ ജനിച്ചതിനാൽ (ലൂ.2,4), ദാവീദിന്റെ കുടുംബത്തിന്റെ രാജ്യം അവിടുത്തേക്ക് നേരത്തേ തന്നെ ലഭിച്ചിരുന്നു. അഹറോന്റെ പുത്രന്റെ സ്നാനത്താൽ, രണ്ടാം ജനനത്തിലൂടെ, ലേവികുടുംബത്തിന്റെ പൗരോഹിത്യം അവന് കിട്ടി. അവന്റെ രണ്ടാം ജനനം ഈ ലോകത്തിൽ ആയിരുന്നെന്ന് വിശ്വസിക്കുന്നവർക്ക്, യോഹന്നാന്റെ സ്നാനത്താലുള്ള രണ്ടാം ജനനത്തിലൂടെ യോഹന്നാന്റെ പൗരോഹിത്യം അവനു കിട്ടിയതിനെപ്പറ്റി സംശയിക്കാൻ സാധ്യമല്ല... അവന്റെ സ്നാനാവസരം ആത്മാവ് താഴേക്ക് ഇറങ്ങി വന്നതിനാൽ, തന്റെ സ്നാനത്തിലൂടെ ആത്മാവ് നൽകപ്പെട്ടു” (മാർഅപ്രേം, *സുവിശേഷഭാഷ്യം*, പേജ്, 53).

“ഇപ്പോൾ നീതി പൂർത്തിയാക്കാൻ അനുവദിക്കുക എന്നുപറഞ്ഞുകൊണ്ട് നമ്മുടെ കർത്താവ് യോഹന്നാന്റെ വലത്തുകൈ എടുത്ത് തന്റെ തലയിൽ വച്ചു. കാരണം, യോഹന്നാൻ നിയമത്തിന്റെ അന്ത്യമായിരുന്നു. ‘നിയമവും പ്രവാചകന്മാരും യോഹന്നാൻ വരെ വന്നു’ (ലൂ.16,16). എന്നാൽ മിശിഹായാണ് പുതിയ നിയമത്തിന്റെ ആരംഭം. അഭിഷേകപൂർണത സ്വീകരിക്കുന്നതിനും പൂർണമായും അതിന്റെ പൂർണതയിലും തന്റെ ശിഷ്യർക്ക് അത് നൽകുന്നതിനുമായി, സ്നാനത്തിലൂടെ നമ്മുടെ കർത്താവ് പഴയനിയമത്തിന്റെ നീതി സ്വീകരിച്ചു” (മാർ അപ്രേം, *സുവിശേഷഭാഷ്യം,* പേജ്, 52).

“സത്യകുഞ്ഞാടു തന്നെ തന്റെ ശരീരത്തിന് പുരോഹിതനും മഹാപുരോഹിതനും ആയിത്തീർന്നു (മാർ അപ്രേം, *പെസഹാഗീതങ്ങൾ*, 2,2: പേജ്, 12). രക്തബലിയർപ്പണം നടത്താതെ, അപ്പവും വീഞ്ഞും അർപ്പിച്ച, തന്റെ പ്രതീകമായ *(ഗ്രുപ്സാ)* മൽക്കീസദേക്കിന്റെ പൗരോഹിത്യം അവൻ ധരിച്ചു. പാനീയബലികൾ അർപ്പിച്ചുകൊണ്ടിരുന്ന പൗരോഹിത്യം അവൻ നീക്കിക്കളഞ്ഞു (മാർ അപ്രേം, *പെസഹാഗീതങ്ങൾ*,2,8: പേജ്, 12).

“ദാവീദിന്റെ ഭവനത്തിന്റെ രാജത്വം ദാവീദിന്റെ പുത്രന്റെ പക്കലേക്ക് സന്തോഷപൂർവം ഓടിയടുത്തു (മാർ അപ്രേം, *പെസഹാഗീതങ്ങൾ*,2,10:പേജ്, 13). പുരോഹിതന്മാർ സംശുദ്ധ പട്ടു കൊണ്ടുള്ള അൾത്താരവിരി പരിശുദ്ധ സ്ഥലത്തു നിന്നെടുത്ത് രാജകുമാരനെ അണിയിച്ചു. അതിലൂടെ, കയ്യാഫാസിനെപ്പോലെ അവർ അവനെതിരെ ഒരു പ്രവചനം നടത്തുകയായിരുന്നു. അവർ ദാവീദിന്റെ പുത്രനെ രാജത്വം ധരിപ്പിച്ചു...അവൻ രാജാക്കന്മാരുടെ രാജാവും കിരീടങ്ങൾ നൽകുന്നവനുമാണ്. സമസ്ത രാജത്വവും അവനിൽ ഒത്തുചേർന്നു” (മാർ അപ്രേം, *പെസഹാഗീതങ്ങൾ*,5,6.11.12.14: പേജ്, 18.19).

“മഹാപുരോഹിതൻ തന്റെ പൗരോഹിത്യവസ്ത്രം വലിച്ചുകീറി അനാവരണം ചെയ്തു. അത് കടന്നുവന്ന് നമ്മുടെ രക്ഷകനെ മൂടി (മാർ അപ്രേം, *സുവിശേഷഭാഷ്യം*,പേജ്,302). സത്യപുരോഹിതൻ ആഗതനായി പുരോഹിതവസ്ത്രം ധരിച്ചു എന്നതിന്റെ പ്രതീകമായിട്ടാണ് കാലികപുരോഹിതൻ തന്റെ വസ്ത്രം കീറിയത്. അവൻ വിശുദ്ധ ബലിപീഠവും തന്റെ സേവനത്തിനായി എടുത്തു എന്നതിന്റെ പ്രതീകമായി വിശുദ്ധസ്ഥലം അതിന്റെ വിരി കീറി” (മത്താ. 27,51): മാർ അപ്രേം, ക്രൂശാരോഹണത്തെപ്പറ്റി, 4,12: മാർ അപ്രേം, *പെസഹാഗീതങ്ങൾ*,പേജ്,58).

“മഹാപുരോഹിതൻ തന്റെ മേൽവസ്ത്രം കീറി. അവനിൽനിന്ന് പൗരോഹിത്യം നീങ്ങിപ്പോയി. അത് അവനെ വിവസ്ത്രനാക്കിയിട്ട് നമ്മുടെ കർത്താവിന്മേൽ വിരിച്ചു...എപ്രകാരം കയ്യാപ്പാസ് എന്ന ആ മഹാപുരോഹിതനിൽ നിന്ന് പൗരോഹിത്യം കീറപ്പെടുകയും ഉരിയപ്പെടുകയും വാതിൽമറ തന്നെ കീറിപ്പോകുകയും ചെയ്തെന്ന് ആത്മാവ് കാണുകയാൽ, ദൈവാലയത്തിൽ നിന്ന് പുറപ്പെട്ടുപോകുകയും എല്ലാം എടുത്തുകൊണ്ട് പോകുകയും ചെയ്തു” (മാർ അപ്രേം, ഉത്ഥാനത്തെപ്പറ്റി,3,8-9: *പെസഹാഗീതങ്ങൾ,*പേജ്,82-83).

“യഹൂദർ തങ്ങളുടെ വിഭ്രാന്തിയിൽ പുത്രനെ രാജകീയവസ്ത്രം ധരിപ്പിച്ച് രാജാവാക്കി. ...അവർ ദൈവാലയത്തിൽ കടന്ന്, ബലിപീഠത്തിന്റെ വിരി അവിടെ നിന്നെടുത്തു. അവന് രാജകീയ ബഹുമതിയുടെ അടയാളം നൽകുന്ന

തിന്, അവർ കടന്ന് വിശുദ്ധ ബലിപീഠം അനാവൃതമാക്കുകയും അവൻ മരിക്കേണ്ടിയിരുന്നതിനാൽ അത് ധരിപ്പിക്കുകയും ചെയ്തു. ദാവീദ് ഏഫോദ് ധരിച്ചതുപോലെ വിശുദ്ധ സ്ഥലത്തെ വിരിക്കൊപ്പം അവിടുന്ന് രാജത്വവും ധരിച്ചു. രാജത്വത്തിന്റെ അടയാളം അവർ തന്ത്രപൂർവം അവനെ ധരിപ്പിച്ചു. അതുപോലെ ദൈവിക മഹനീയതയുടെ വസ്ത്രവും ധരിപ്പിച്ചു" (മാർ അപ്രേം, ക്രൂശാരോഹണത്തെപ്പറ്റി,4,2-4: *പെസാഹാഗീതങ്ങൾ*,പേജ് 56).

ക്രിസ്തു പഴയനിയമം പൂർത്തീകരിച്ച് പുരോഹിതനും പ്രവാചകനും രാജാവുമായി തീർന്നപ്പോൾ, പഴയനിയമ പൗരോഹിത്യവും പ്രവാചകത്വവും രാജത്വവും എന്നേക്കുമായി അവസാനിച്ചു. മിശിഹാകർത്താവിനെ കാത്തിരുന്ന സൂചനകളെല്ലാം യേശുവിൽ എത്തിച്ചേർന്ന് അവസാനിച്ചു. പൂർണത വന്നപ്പോൾ, യാഥാർഥ്യം എത്തിയപ്പോൾ, നിഴലുകൾക്കും സാദൃശ്യങ്ങൾക്കും മൂല്യമില്ലാതായി. അങ്ങനെ മിശിഹാ ഒരേസമയം പഴയനിയമത്തിന്റെ പൂർത്തീകരണവും മൽക്കീസദേക്കിന്റെ ക്രമപ്രകാരം നിത്യപുരോഹിതനുമാണ്.- മാർ അപ്രേമിന്റെ ഈ വിവരണത്തിൽ ആലങ്കാരികത ഉണ്ടെങ്കിലും, ഏതു രീതിയിലാണ് മിശിഹാ പഴയനിയമം പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാനുള്ള പരിശ്രമമായി ഈ വിവരണം മനസ്സിലാക്കാം.

**ദൈവജനത്തിന്റെ പൗരോഹിത്യം**

മാമോദീസാ വഴി ഈ നിത്യപൗരോഹിത്യത്തിൽ ദൈവജനം മുഴുവൻ പങ്കാളികളാകുന്നു: "യേശുമിശിഹാ വഴി ദൈവത്തിന് സ്വീകാര്യബലികൾ അർപ്പിക്കുന്നതിന് വിശ്വാസികൾ വിശുദ്ധ പുരോഹിതജനമായി തീരുന്നു"(1പത്രോ. 2,5). അവർ രാജകീയ പൗരോഹിത്യമുള്ള വിശുദ്ധ ജനമാകുന്നു(2,9). ദൈവജനം അനുദിനജീവിതവും ജീവിതാനുഭവങ്ങളും മിശിഹാവഴി കുർബാനയർപ്പണത്തോടൊപ്പം ഭക്തിപൂർവം പിതാവിന് സമർപ്പിക്കുന്നതിലൂടെ തങ്ങളുടെ പൗരോഹിത്യധർമം നിർവഹിക്കുന്നു *(രണ്ടാം വത്തിക്കാൻ സൂനഹദോസ്, ജനതകളുടെ പ്രകാശം,34).*

സുവിശേഷത്തിന്റെ ശക്തി അനുദിനജീവിതത്തിൽ പ്രകടമാക്കുന്നതുവഴി വിശ്വാസികൾ മിശിഹായുടെ പ്രവാചകദൗത്യത്തിൽ പങ്കുചേരുന്നു. ജീവിതസാക്ഷ്യത്തിലൂടെയും വചനത്തിലൂടെയുമാണ് ഇത് പ്രകടമാക്കേണ്ടത്. അവർ മറ്റുള്ളവർക്ക് മിശിഹായിലുള്ള വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷികളായി തീരുന്നു. അവർ മാതൃകയും സാക്ഷ്യവും വഴി പാപത്തെപ്രതി ലോകത്തെ കുറ്റപ്പെടുത്തുകയും മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു *(ജനതകളുടെ പ്രകാശം, 35).*

വിശ്വാസികൾ സ്വാർഥതയെ നിഗ്രഹിച്ചുകൊണ്ടും വിശുദ്ധ ജീവിതം നയിച്ചുകൊണ്ടും പാപത്തിന്റെ ഭരണം തങ്ങളിൽ പരാജയപ്പെടുത്തിക്കൊണ്ടും ക്രിസ്തുവിന്റെ രാജത്വത്തിൽ പങ്കാളികളാകുന്നു. അങ്ങനെ അവർ രാജകീയ സ്വാതന്ത്ര്യത്തിൽ ഉറപ്പിക്കപ്പെടുന്നു. എളിമയോടും ക്ഷമയോടും കൂടെ സ്വസഹോദരന്മാരെ മിശിഹായുടെ സന്നിധിയിലേക്ക് ആനയിക്കുന്നതിനുള്ള ദൗത്യം അവർ ഏറ്റെടുക്കുന്നു. സത്യത്തിന്റെയും ജീവന്റെയും രാജ്യം, വിശുദ്ധിയുടെയും കൃപാവരത്തിന്റെയും രാജ്യം, നീതിയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും രാജ്യം വ്യാപിപ്പിക്കാൻ വിശ്വാസികൾ തങ്ങളുടെ രാജത്വത്തിലൂടെ കടപ്പെട്ടിരിക്കുന്നു *(ജനതകളുടെ പ്രകാശം, 36).*

അങ്ങനെ തങ്ങളുടെ രാജകീയപൗരോഹിത്യം വഴി, ലോകത്തിനു മുമ്പിൽ മിശിഹായുടെ ഉത്ഥാനത്തിന് അവർ സാക്ഷികളാകുന്നു. സജീവദൈവത്തിന്റെ അടയാളമായി വർത്തിക്കുകയും ചെയ്യുന്നു. കഴിവിനൊത്ത് ആത്മീയഫലങ്ങളാൽ അവർ ലോകത്തെ ധന്യമാക്കുന്നു. ശരീരത്തിൽ ആത്മാവെന്ന പോലെ ക്രിസ്ത്യാനികൾ ഈ ലോകത്തിൽ വ്യാപരിക്കണമെന്നു ചുരുക്കം *(ജനതകളുടെ പ്രകാശം,38).*

*അൽമായരുടെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഡിക്രിയിൽ* വിശദമായി പറഞ്ഞിരിക്കുന്നവ വളരെ പ്രസക്തമാണ്. അത് ഇവിടെ ആവർത്തിക്കുന്നില്ല.

**ശുശ്രൂഷാപൗരോഹിത്യം**

മിശിഹായുടെ നിത്യപൗരോഹിത്യത്തിൽ ശ്ലീഹന്മാർ പങ്കുകാരായി (യോഹ.20,21-23). രാജകീയ പൗരോഹിത്യമുള്ള ദൈവജനത്തിന് ശുശ്രൂഷ ചെയ്യാൻ, കൈവയ്പ്പുവഴി ശ്ലീഹന്മാർ മൂപ്പന്മാരെ (എപ്പിസ്കോപ്പോയ്-പ്രെസ്ബിത്തറോയ്) നിയമിച്ചു (2 തിമോ.1,6;നടപടി,2017;1തിമോ,4,14). അവർ തങ്ങളുടെ പിൻഗാമികളായി യോഗ്യതയുള്ളവരെ തെരഞ്ഞെടുത്ത് നിയമിച്ചു. അങ്ങനെ ലോകാവസാനം വരെ മിശിഹായുടെ ഏകപൗരോഹിത്യത്തിന്റെ ഭാഗഭാഗിത്വം ശുശ്രൂഷ ചെയ്യുന്നവർക്ക് നൽകപ്പെടുന്നു. കൈവയ്പ്പുവഴി പരിശുദ്ധാത്മദാനവും ശ്ലൈഹികപ്രബോധനവും കൈമാറ്റപ്പെടുന്നു. മിശിഹാ മധ്യസ്ഥനായിരിക്കുന്നതുപോലെ, മിശിഹായുടെ നാമത്തിൽ മധ്യസ്ഥരായിരിക്കാനുള്ള ദാനമാണ് അവർക്ക് ലഭിക്കുന്നത്. അവരിലൂടെ പ്രവർത്തിക്കുന്നത് മിശിഹാ തന്നെയാണ് *(രണ്ടാം വത്തിക്കാൻ സൂനഹദോസ്, ദൈവാരാധനയെ കുറിച്ചുള്ള കൗൺസിൽ രേഖ, 7).* ആരാധനാനുഷ്ഠാനങ്ങളിൽ അവിടുന്നു തന്നെ സന്നിഹിതനാകുന്നു.

ഈ ശുശ്രൂഷയ്ക്ക് ദൈവമാണ് വിളിക്കുന്നത്. ജനങ്ങൾ തെരഞ്ഞെടുക്കുകയോ, വ്യക്തികൾ സ്വയമേ ഏറ്റെടുക്കുകയോ ചെയ്യുന്നതല്ല പുതിയനിയമത്തിലെ ശുശ്രൂഷാപൗരോഹിത്യം (എബ്രാ.5,4). പുരോഹിതൻ എന്ന നിലയിൽ കൂദാശകളാൽ ദൈവജനത്തെ അയാൾ വിശുദ്ധീകരിക്കുന്നു, അവർക്കുവേണ്ടി ദൈവസമക്ഷം മാധ്യസ്ഥ്യം

വഹിക്കുന്നു. പ്രവാചകൻ എന്ന നിലയിൽ അവരെ നേർവഴിക്ക് നടത്തുന്നു. ഉപദേശങ്ങളിലൂടെയും തിരുത്തലുകളിലൂടെയും രാജത്വം എന്ന ദൗത്യം നിർവഹിക്കുന്നു.

രാജകീയ പൗരോഹിത്യമുള്ളവരിൽ ചിലരെ ശുശ്രൂഷാപൗരോഹിത്യത്തിലേക്ക് ക്ഷണിക്കുന്നത് ദൈവത്തിന്റെ കൃപയാണ്. ദൈവമാണ് ശുശ്രൂഷകരെ അഭിഷേകം ചെയ്യുന്നതും ഉറപ്പിച്ചു നിർത്തുന്നതും (2കൊറി.1,21). ജനത്തിനു വേണ്ടി ദൈവം ഭരമേൽപ്പിക്കുന്ന ദൗത്യം വഴി പുരോഹിതർ സഭയിലെ ശുശ്രൂഷകരാകുന്നു (കൊളോ.1,25). അവർ ദൈവസന്നിധിയിൽ വിശ്വസ്തരും ദൈവത്താൽ നിയോഗിക്കപ്പെട്ടവരുമാണ് (2 കൊറി.2,17). അവരുടെ യോഗ്യത ദൈവത്തിൽ നിന്നാണ്. പരിശുദ്ധാത്മാവിനാൽ അവിടുന്ന് അവരെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകാൻ യോഗ്യരാക്കുന്നു (2കൊറി.2,5-6). അവർക്ക് സ്വന്തമായി മേന്മയൊന്നുമില്ല, ദൈവകൃപയാൽ അവർക്ക് ഈ ശുശ്രൂഷ ലഭിക്കുന്നു (2 കൊറി4,1). പരമമായ ശക്തി ദൈവത്തിന്റേതാണ് (2കൊറി. 4,7). ആ ശക്തിയിലാണ് അവർ പ്രവർത്തിക്കുന്നത്. പുരോഹിതൻ എന്തായിരിക്കുന്നുവോ, അത് ദൈവകൃപയാലാണ്. ദൈവം തന്റെ കൃപ അവരുടെ മേൽ വർഷിക്കുന്നു (1കൊറി. 15,10).

ദൈവത്തിന് സ്വീകാര്യബലിവസ്തുവായി ദൈവജനത്തെ സമർപ്പിക്കാനും പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കാനുമാണ് ഈ നിയോഗം. ഇത് സുവിശേഷത്തിനുള്ള പുരോഹിത ശുശ്രൂഷയാണ്. ഇത് ദൈവത്തിനുവേണ്ടിയുള്ള ജോലിയാണ്. പരിശുദ്ധാത്മശക്തിയാൽ തങ്ങളിലൂടെ ദൈവത്തിന്റെ കൃപ പ്രവർത്തിക്കുന്നവ ഉറക്കെ പ്രഘോഷിക്കാൻ പുരോഹിതർ ശ്രദ്ധിക്കുന്നു (റോമ.15,16-19). സുവിശേഷപ്രഘോഷണത്തിനാണ് മിശിഹാ ശുശ്രൂഷകരെ നിയോഗിക്കുന്നത്(1 കൊറി. 1,17). ഈ പ്രഘോഷണം ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലാണ്. രഹസ്യവും നിഗൂഢവുമായ ദൈവികജ്ഞാനമാണ് പ്രഘോഷിക്കുന്നത്. അത് ആത്മീയ സത്യങ്ങളുടെ വ്യാഖ്യാനമാണ് (1 കൊറി.2,4.7.13).

സുവിശേഷപ്രഘോഷണം പുരോഹിതന്റെ കടമയാണ്. അതിൽ അഹംഭാവത്തിന് സ്ഥാനമില്ല(1കൊറി. 9,16). വളരെപ്പേരെ നേടേണ്ടതിന് അയാൾ എല്ലാവരുടെയും ദാസനും ശുശ്രൂഷകനുമാണ്(1കൊറി.9,19). അതായത് സുവിശേഷത്തിനുവേണ്ടി അവൻ എല്ലാവർക്കും എല്ലാമായി തീരുന്നു (9,22-23). എല്ലാവരുടെയും രക്ഷയെപ്രതി,അനേകരുടെ പ്രയോജനത്തിനായി, സ്വന്തം പ്രയോജനം നോക്കാതെ, എല്ലാവരെയും പ്രീതിപ്പെടുത്താൻ അവൻ പരിശ്രമിക്കുന്നു (10,33). ദൈവത്തിന്റെ സുവിശേഷം പ്രതിഫലം കൂടാതെ പ്രസംഗിച്ചുകൊണ്ട് ജനത്തിന്റെ ഉത്കർഷത്തിനുവേണ്ടി അവൻ സ്വയം താഴ്ത്തുന്നു(2കൊറി.11,7). അതീവസന്തോഷത്തോടെ ആത്മാക്കൾക്കുവേണ്ടി തങ്ങൾക്കുള്ളതെല്ലാം ചെലവഴിക്കയും തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു (13,15)

പുരോഹിതർ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ്. ദൈവനിശ്ചയം അനുസരിച്ച് ദൈവജനത്തെ വിശ്വാസത്തിലേക്ക് എത്തിക്കുന്ന ശുശ്രൂഷകരാണവർ. എല്ലാം വളർത്തുന്നതും പ്രവർത്തിക്കുന്നതും പൂർത്തീകരിക്കുന്നതും ദൈവമാണ്. തങ്ങൾക്ക് ലഭിക്കുന്ന ദൈവകൃപ അനുസരിച്ച് ഓരോരുത്തരും സഭാസൗധം പണിതുയർത്തുന്നു (1കൊറി.3,5-10). അവർ മിശിഹായുടെ ദാസന്മാരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥരുമാണ് (4,1). കാര്യസ്ഥർ ഉടമസ്ഥനല്ല. ഉടമസ്ഥനുവേണ്ടി ദാസർ ശുശ്രൂഷ ചെയ്യുന്നു. സുവിശേഷപ്രസംഗം വഴി യേശുക്രിസ്തുവിൽ വിശ്വാസികൾക്ക് അവർ ജന്മം നൽകുന്നു. (4,15). ഇത് കർത്താവിനു വേണ്ടിയുള്ള അധ്വാനമാണ്(9,1). ആത്മീയനന്മകൾ വിതയ്ക്കുന്ന അധ്വാനമാണ് (9,11). രമ്യതയുടെ ശുശ്രൂഷ പുരോഹിതരെ ഏൽപ്പിച്ചിരിക്കുന്നു(2കൊറി. 5,18-19). അവർ ക്രിസ്തുവിന്റെ സ്ഥാനപതികളാണ് (5,20). ദൈവത്തിന്റെ ശക്തികൊണ്ട് അവർ ജീവിക്കുന്നു (13,4).

ദൈവകൃപ കൈകാര്യം ചെയ്യാൻ അവർ നിയോഗിക്കപ്പെട്ടിരിക്കുന്നു. കൂദാശകളിലൂടെ, പ്രത്യേകിച്ച്, വി,കുർബാനയിലൂടെ, ജനത്തെ വിശുദ്ധീകരിക്കുന്ന ദൗത്യം അവരെ ഭരമേൽപ്പിച്ചിരിക്കുന്നു(എഫേ. 3,1). അവർ സുവിശേഷത്തിന്റെ ശുശ്രൂഷകരും സംരക്ഷകരുമാണ്(എഫേ.3,7;ഫിലി.1,16).

*വൈദികരുടെ ശുശ്രൂഷയും ജീവിതവും സംബന്ധിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഡിക്രിയിൽ* മനോഹരമായി പ്രതിപാദിച്ചിരിക്കുന്നവ ഇവിടെ ആവർത്തിക്കുന്നില്ല.

---


മാർ അപ്രേം, ഉൽപ്പത്തിഭാഷ്യം: വിവർത്തനം, ജി. ചേടിയത്ത്, കോട്ടയം, 2001.

മാർ അപ്രേം, സുവിശേഷഭാഷ്യം, : വിവർത്തനം, ജി. ചേടിയത്ത്, കോട്ടയം, 2002.

മാർ അപ്രേം, പെസഹാഗീതങ്ങൾ : വിവർത്തനം, ജി. ചേടിയത്ത്, കോട്ടയം, 2009.



ഫാദർ ഗീവർഗീസ് ചേടിയത്ത്,

കാതലിക് ബിഷപ്സ് ഹൗസ്, പത്തനംതിട്ട, 689645.

ചേടിയത്ത് ഗീവർഗീസ് മൽപ്പാൻ